മേരി കൊലക്കേസ്

* 7 [10] ശ്രീ. പി. കെ. ശങ്കരൻകുട്ടി:

,, കെ. എ. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേരി എന്ന മലയാളി നേഴ്സ് രാജസ്ഥാനിൽവച്ച് മൃഗീയമായി വധിക്കപ്പെട്ട സംഭവം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സംഭവം സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി രാജസ്ഥാൻ മുഖ്യമന്ത്രിക്ക് എഴുതുകയുണ്ടായിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ കുറ്റവാളികളായവരുടെ പേരിൽ സത്വരനടപടികളെടുക്കുന്നതു സംബന്ധിച്ച് വല്ല മറുപടിയും രാജസ്ഥാൻ മുഖ്യമന്ത്രിയിൽ നിന്ന് ഈ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ഡി) ഇതു സംബന്ധിച്ച കേസെടുക്കൽ നടപടികളും വിചാരണ ത്വരപ്പെടുത്തുന്നതിന് തൽപ്പരകക്ഷികൾ പരിശ്രമിക്കുന്നുണ്ടെന്ന വാർത്ത ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എന്തു നടപടികളെടുത്തു?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) രാജസ്ഥാൻ മുഖ്യമന്ത്രിയിൽനിന്ന് ഇന്നലെ എനിക്ക് ഒരു മറുപടി സന്ദേശം കിട്ടിയിട്ടുണ്ട്.

(ഡി) ഇത്തരത്തിലുള്ള വാർത്തകൾ ചില പത്രങ്ങളിൽ കാണുകയുണ്ടായി.

(ഇ) വീണ്ടും രാജസ്ഥാൻ മുഖ്യമന്ത്രിക്ക് അടിയന്തിര സന്ദേശം അയച്ചിട്ടുണ്ട്.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: ഇന്നലെ രാജസ്ഥാൻ മുഖ്യമന്ത്രിയിൽ നിന്നു ഒരു കത്തു കിട്ടിയിട്ടുണ്ടെന്നു മുഖ്യമന്ത്രി പറഞ്ഞു. ഈ സംഭവത്തെ സംബന്ധിച്ച് കുറ്റവാളികളുടെ മേൽ രാജസ്ഥാൻ ഗവൺമെന്റ് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ; അല്ലെങ്കിൽ നടപടി എടുക്കുന്നതു ഏതു സ്റ്റേജിൽ എത്തിയെന്നുള്ളത് കത്തിൽ പറഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു വ്യക്തമാക്കാൻ തയ്യാറാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഇന്നലെ എനിക്ക് രാജസ്ഥാൻ മുഖ്യമന്ത്രിയിൽനിന്ന് ദീർഘമായ ഒരു ടെലിപ്രിന്റർ സന്ദേശവും അതിനു പുറമേ ഒരു കത്തും കിട്ടിയിട്ടുണ്ട്. അതിൽ എടുത്ത നടപടികളെ സംബന്ധിച്ച് പറയുന്നത് ഇപ്രകാരമാണ്. ഈ സംഭവത്തോട് ബന്ധപ്പെട്ടു എന്നു കരുതപ്പെടുന്ന ഒരു ഡോക്ടറെ സർവ്വീസിൽ നിന്നു പിരിച്ചുവയ്ക്കുകയുണ്ടായി. ഒരു ജീപ്പ് അപകടത്തിൽ ഈ കുട്ടി മരിച്ചുപോയി എന്നാണ് രാജസ്ഥാൻ ഗവൺമെന്റിന്റെ അഭിപ്രായം. അതേപ്പറ്റി വ്യത്യസ്തമായ മറ്റു റിപ്പോർട്ടുകളാണ് നമുക്ക് കിട്ടിയിട്ടുള്ളത്, മരിച്ചുപോയ മേരിയുടെ

LIBRARY ARCHIVES Kerala Legislative Assembly

സുഹൃത്തുക്കളും മറ്റും നമ്മെ അറിയിച്ചിട്ടുള്ളത് ഈ ജീപ്പ് അപകടവാർത്ത ശരിയല്ല, മറ്റു സംഭവങ്ങൾ നടന്നതിനെത്തുടർന്നാണ്, ബലാൽസംഗവും മറ്റും നടന്നതിനെത്തുടർന്നാണ്, ഈ നേഴ്സ് മരിച്ചതെന്നാണ്. രാജസ്ഥാൻ ഗവൺമെന്റ് എടുത്തിരിക്കുന്ന നിലപാട് ജീപ്പ് അപകടത്തിൽ മരിച്ചു എന്നുള്ളതാണ്. അങ്ങനെയാണ് നമ്മെ അറിയിച്ചിട്ടുള്ളത്. എന്നാൽപ്പോലും ഈ നേഴ്സിനെതിരായി ഒരു ഡോക്ടറും അവിടത്തെ മറ്റു ചില ഉദ്യോഗസ്ഥൻമാരും തെറ്റായ ചില സമീപനങ്ങൾ നടത്തിയിരുന്നു എന്നുള്ള കാര്യം അവരുടെ കത്തിൽ സമ്മതിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ഒരു ഡാക്ടറുടെ സർവ്വീസ് ടെർമിനേറ്റു ചെയ്തിട്ടുള്ളത്. ജീപ്പ് ഓടിച്ചിരുന്ന ഹെഡ് കോൺസ്റ്റബിളിനെയും അതുപോലെതന്നെ ആശുപത്രിയിലെ മറ്റൊരു ഉദ്യോഗസ്ഥനെയും സസ്പെൻറു ചെയ്തിട്ടുണ്ടെന്നും പറഞ്ഞിട്ടുണ്ട്. അങ്ങനെ മൂന്നു ഉദ്യോഗസ്ഥൻമാർക്കെതിരായി നടപടികളും സ്വീകരിച്ചിട്ടുണ്ടെന്നാണ് രാജസ്ഥാൻ മുഖ്യമന്ത്രിയുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: മൃഗീയമായ ഈ സംഭവത്തോടനുബന്ധിച്ച് ഒരു ഡോക്ടറേയും ഒരു ഹെഡ് കോൺസ്റ്റബിളിനെയും മറ്റൊരു ഉദ്യോഗസ്ഥനേയും സസ്പെൻറു ചെയ്തുകൊണ്ട് താൽക്കാലികമായ നടപടി സ്വീകരിച്ചു എന്നാണ് പറഞ്ഞിട്ടുള്ളത്. പക്ഷേ ഇതിനെല്ലാം ഉപരിയായി ഈ കേസ് എടുക്കൽ നടപടികളും ഇല്ലായ്മ ചെയ്യുന്നതിനു വേണ്ടിയും പ്രതികളെ രക്ഷപ്പെടുത്തുന്നതിനുവേണ്ടിയും പല പരിശ്രമങ്ങളും നടക്കുന്നുണ്ടെന്നു പത്രങ്ങളിൽ കാണുകയുണ്ടായി. അത് ഇല്ലായ്മ ചെയ്യുന്നതിന് നമ്മുടെ ഗവൺമെൻറിന് എന്തുചെയ്യാൻ കഴിയും? മാത്രമല്ല താൽക്കാലികമായ സസ്പെൻഷൻ നടപടിയിൽ ഈ കാര്യം അവസാനിപ്പിക്കാതെ ശക്തമായ നടപടികളും സ്വീകരിക്കുന്നതിന് രാജസ്ഥാൻ ഗവൺമെൻറിനെ പ്രേരിപ്പിക്കുന്നതിന് നമ്മുടെ മുഖ്യമന്ത്രി ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഈ സംഭവം അത്യന്തം ദാരുണമായ ഒരു സംഭവമാണ്. നമുക്കെല്ലാവർക്കും അതിൽ വളരെയധികം ദുഃഖവും അതുപോലെതന്നെ പ്രതിഷേധവുമുണ്ട്. എന്നാൽ രാജസ്ഥാനിൽ നടക്കുന്ന ഒരു പ്രശ്നത്തെ സംബന്ധിച്ച് നമ്മുടെ ഗവൺമെൻറിന് എടുക്കാൻ കഴിയുന്ന നടപടികൾക്ക് ഒരു പരിമിതിയുണ്ട് എന്ന കാര്യം സഭക്കും എല്ലാ മെമ്പർമാർക്കും അറിയാം. ആ പരിമിതിക്കുള്ളിൽനിന്നുകൊണ്ട് മറ്റൊരു സംസ്ഥാന ഗവൺമെൻറ് കൈകാര്യം ചെയ്യുന്ന ഒരു കാര്യം എന്നുള്ള നിലയിൽ നമ്മളെ അവരുമായി ബന്ധപ്പെടുക, അവരെ ആ കാര്യത്തിൽ പ്രേരിപ്പിക്കുക, പ്രോണയല്ല നിർബന്ധം ചെലുത്തുക ഇതെല്ലാമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. അതിൽകവിഞ്ഞ് ഈ കാര്യത്തിൽ എന്താണ് പ്രായോഗികമായി ഗവൺമെൻറിന് ചെയ്യാൻ കഴിയുന്നത് എന്നുള്ളതിനെ സംബന്ധിച്ച് ആർക്കെങ്കിലും വല്ല നിർദ്ദേശവുമുണ്ടെങ്കിൽ അതു മുന്നോട്ടുവച്ചാൽ തീർച്ചയായും ഗവൺമെൻറ് ആ കാര്യം ആലോചിക്കാം.

ശ്രീ. കെ. എ. മാത്യു: സർ, ഈ മേരി എന്ന പെൺകുട്ടിക്കു സംഭവിച്ച ദുരന്തം ഒറ്റപ്പെട്ട സംഭവം അല്ലെന്നും മറുനാട്ടിൽ പണിയെടുക്കുന്ന കേരളത്തിലെ യുവതികൾക്ക് സാധാരണ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഒരു ദുരന്തമാണെന്നും കണക്കിലെടുത്തുകൊണ്ട് മറ്റു സംസ്ഥാന ഗവൺമെൻറുകളുമായി ബന്ധപ്പെട്ടുകൊണ്ട് മറുനാടൻ മലയാളികളായ യുവതികളുടെ

LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷണം ഉറപ്പുവരുത്തുന്നതിനുവേണ്ട നടപടി എടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ? സാമ്പത്തികമായി വളരെയധികം കഷ്ടതകളും അനുഭവിക്കുന്നവരാണ് ഈ പെൺകുട്ടികളുടെ കുടുംബം എന്നതു കണക്കിലെടുത്ത് ആ കുടുംബത്തിന്, സാമ്പത്തിക സഹായം നൽകുന്നതിന്, രാജസ്ഥാൻ ഗവൺമെന്റിനെക്കൊണ്ടുതന്നെ ചെയ്യിപ്പിക്കുന്നതിനോ അതിന് കഴിഞ്ഞില്ലെങ്കിൽ നമ്മുടെ ഉത്തരവാദിത്വം ആണെന്നു കണക്കിലെടുത്തുകൊണ്ട്, സംസ്ഥാന ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: പൊതുവായ ഈ ചോദ്യത്തിന് ഇപ്പോൾ ഒരു മറുപടി പറയാൻ ബുദ്ധിമുട്ടുണ്ട്. സർവ്വസാധാരണമാണ് ഇതെന്നു പറയുന്നതിനോട് യോജിക്കാൻ സാധ്യമല്ല. പല സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. ചില കൊലപാതകങ്ങളും നടന്നിട്ടുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭോപ്പാലിൽ ഒരു സംഭവം നടന്നപ്പോൾ അന്ന് സംസ്ഥാന ഗവൺമെന്റ് ഇടപെട്ടു. അവിടത്തെ മുഖ്യമന്ത്രിയെ ഉടനെതന്നെ വിവരം അറിയിക്കുകയും അദ്ദേഹം കേസ് നടത്തുന്നുണ്ട് എന്ന മറുപടി നൽകുകയും ചെയ്തിരുന്നു. യു.പി. യിൽ മറ്റൊരു സംഭവം ഉണ്ടായതിനെപ്പറ്റി ഈ സഭയിൽത്തന്നെ പരാമർശിക്കപ്പെട്ടിട്ടുണ്ട്. അതു സംബന്ധിച്ചും ഉന്നതനിലവാരത്തിലുള്ള അന്വേഷണം യു.പി. മുഖ്യമന്ത്രി ഇടപെട്ടു നടത്തിയിട്ടുണ്ട്. ഇങ്ങനെയുള്ള സംഭവങ്ങളും ഉണ്ടാകുമ്പോഴും ഇത്തരത്തിൽ ഇടപെടാൻ കഴിയുക എന്നുള്ളതല്ലാതെ പൊതുവായി മറ്റു സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന ആളുകളുടെ സംരക്ഷണത്തിന് മറ്റു സംസ്ഥാന ഗവൺമെന്റുകളുമായി ബന്ധപ്പെട്ടു നമ്മുടെ ഗവൺമെന്റ് എന്തെങ്കിലും ചെയ്യണമെന്നു പറഞ്ഞാൽ അതിനൊക്കെ പല പരിമിതികളുണ്ട്. നമ്മുടെ രാജ്യത്ത് ഈ കാര്യത്തിലുള്ള ബുദ്ധിമുട്ട് ബഹുമാനപ്പെട്ട മെമ്പർക്കുതന്നെ അറിയാം. ഇതുപോലെയുള്ള സംഭവങ്ങൾ പലതും നടക്കുന്നു എന്നുള്ളത് ആശങ്ക ഉണ്ടാക്കുന്ന കാര്യമാണ്. അത് അവസാനിപ്പിക്കാൻ നമ്മെക്കൊണ്ടു ചെയ്യാവുന്ന കാര്യങ്ങളൊക്കെ തീർച്ചയായും ഒരു ഗവൺമെന്റ് എന്ന നിലയ്ക്ക് ചെയ്യുന്നതാണ്. സഹായധനത്തിന്റെ കാര്യത്തെപ്പറ്റിയൊന്നും ഇപ്പോൾ എനിക്ക് പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. എം. മാണി: ജീപ്പപകടം എന്ന വാർത്ത ശരിയല്ലെന്നും കൊലപാതകമായിരുന്നു എന്നും മനസ്സിലാക്കി, സംസ്ഥാന ഗവൺമെന്റുമായി കറസ്പോണ്ടൻസിൽ മാത്രം ഒതുങ്ങി നിൽക്കാതെ സംസ്ഥാന ഗവൺമെന്റുതലത്തിൽ ഏതെങ്കിലും ഒരു പ്രതിനിധിയെ അയച്ചോ, മറ്റേതെങ്കിലും രീതിയിലോ അവിടത്തെ ഗവൺമെന്റുമായി നേരിട്ട് ചർച്ചകൾ നടത്തി സത്യം കണ്ടുപിടിക്കുന്നതിന് ഗവൺമെന്റ് മുന്നോട്ടു വരുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: സംസ്ഥാനഗവൺമെന്റുകൾ ഇത്തരം പ്രശ്നങ്ങളിൽ തമ്മിൽ തമ്മിൽ എങ്ങനെ ബന്ധപ്പെടണം; എങ്ങനെ കൈകാര്യം ചെയ്യണമെന്നുള്ളതിനെ സംബന്ധിച്ച് കുറച്ചു കരുതൽ ആവശ്യമാണെന്നു എനിക്ക് തോന്നുന്നു. ബഹുമാനപ്പെട്ട മെമ്പർക്കും ഞാൻ അതു പറയാതെതന്നെ അറിയാവുന്ന കാര്യമാണ്. സംസ്ഥാന ഗവൺമെന്റോ, ഗവൺമെന്റിന്റെ ഔദ്യോഗിക പ്രതിനിധികളെയോ അയച്ച്, ഇത്തരം സംഭവങ്ങൾ ഉണ്ടാകുമ്പോൾ അവരുമായി ഇടപെടുക എന്നുള്ള കാര്യങ്ങളെപ്പറ്റി പെട്ടെന്നു ഒരു പ്രകാരണേയും മറുപടി പറയാൻ സാധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: ഇതൊരു ഗുരുതരമായ പ്രശ്നമായതു കൊണ്ടും കേരളത്തിലെ ജനങ്ങളുടെ വികാരങ്ങളെ മാനിച്ചുകൊണ്ടും— സംസ്ഥാനഗവൺമെൻറ് ഈ പ്രശ്നത്തിൽ ചെയ്തത് മുഴുവൻ തൃപ്തികരമല്ല—അവരെ സ്വാധീനിക്കുന്നതിനോ, ഉപദേശിക്കുന്നതിനോ പ്രേരിപ്പിക്കുന്നതിനോ കേന്ദ്ര ആഭ്യന്തരവകുപ്പിനെ സമീപിക്കുന്നതിന് എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: സംസ്ഥാനഗവൺമെൻറിന്റെ നടപടി തൃപ്തികരമല്ലെന്ന് പ്രതിപക്ഷത്താകുമ്പോൾ പറയണമല്ലോ? എന്നാലും ഞാൻ അതു സ്വീകരിക്കുന്നില്ല. കാരണം ഇതുപോലെയുള്ള ഒരു കാര്യം നമ്മുടെ ശ്രദ്ധയിൽപെട്ടു കഴിഞ്ഞാൽ ഉടനെതന്നെ ചെയ്യാൻ കഴിയുന്നത് ഇവിടെ ഒരു കാര്യത്തെപ്പറ്റി പരാമർശം ഉണ്ടായതുകൊണ്ട് പറഞ്ഞതാണ്; അങ്ങനെ പറഞ്ഞിട്ടില്ലെങ്കിൽ സന്തോഷം.....

ശ്രീ. കെ. കരുണാകരൻ: എന്റെ ചോദ്യം മനസ്സിലായില്ലെന്നു തോന്നുന്നു. സംസ്ഥാന ഗവൺമെൻറ് സ്വീകരിച്ച നടപടി തൃപ്തികരമല്ല. നമ്മുടെ ഗവൺമെൻറ് കേന്ദ്രഗവൺമെൻറിനെ സമീപിച്ച് ഈ കാര്യത്തിൽ എന്തെങ്കിലും ചെയ്യിക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കാമോ എന്നാണ് എന്റെ ചോദ്യം.

ശ്രീ. പി. കെ. വാസുദേവൻ നായർ: എനിക്കു തോന്നുന്നത്, സംസ്ഥാന ഗവൺമെൻറുകളും നേരിട്ടു ബന്ധപ്പെടുകയാണ് കൂടുതൽ നല്ലത് എന്നാണ്. ഏതെങ്കിലും ഒരു പ്രത്യേക സന്ദർഭത്തിൽ അനിവാര്യമായി വന്നാൽ ആലോചിക്കേണ്ടതാണ്. മറ്റൊരു സംസ്ഥാനഗവൺമെൻറിന്റെ ഒരു പ്രശ്നത്തെ സംബന്ധിച്ച് കേന്ദ്രഗവൺമെൻറിനെ സമീപിക്കാൻ പാടില്ല. പരമാവധി സംസ്ഥാനഗവൺമെൻറുകളും തമ്മിൽത്തമ്മിൽ ബന്ധപ്പെട്ട് ഇത്തരം പ്രശ്നങ്ങളും കൈകാര്യം ചെയ്യുന്നതായിരിക്കും നല്ലത്.

ശ്രീ. കെ. കരുണാകരൻ: നമ്മുടെ സംസ്ഥാനത്തെ ഒരു പെൺകുട്ടിയുടെ ജീവന്റെ പ്രശ്നമായതുകൊണ്ട് തീർച്ചയായും കേന്ദ്രത്തെ സ്വാധീനിക്കുന്നതിന് സംസ്ഥാന ഗവൺമെൻറ് കേന്ദ്രഗവൺമെൻറിനെ സമീപിക്കുന്ന കാര്യം ആലോചിക്കാൻ തയ്യാറാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ആ കാര്യം ആലോചിക്കാം.

'കൈരളി'യിലെ ജീവനക്കാരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം

*8 [11] ശ്രീ. ടി. എം. ജേക്കബ്:

,, പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) കേരള ഷിപ്പിംഗ് കോർപ്പറേഷന്റെ കൈരളി എന്ന കപ്പൽ എന്നുമുതലാണ് കാണാതായതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കപ്പൽ കണ്ടെത്താനുള്ള ശ്രമം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ;

(സി) കപ്പൽ കണ്ടെത്താൻ അറേബ്യൻ കമ്പനിയുമായി നടത്തിയ ശ്രമത്തിന്റെ ഫലം എന്താണെന്നു വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly